# സ്കൂളുകൾക്ക് ഏറ്റെടുക്കാവുന്ന ചില പ്രവർത്തന പരിപാടികൾ

## ബാലശാസ്ത്ര കോൺഗ്രസ്സ്

**ഉദ്ദേശ്യങ്ങൾ**

1. സാമൂഹ്യപ്രതിബദ്ധത ഉണ്ടാകത്തക്ക പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
2. ശാസ്ത്രപഠനം വഴി നേടുന്ന അറിവുകൾ ജീവിത പ്രശ്ന പരിഹാരത്തിന് വിനിയോഗിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

**സംഘാടനം**

സ്കൂൾതലം, പഞ്ചായത്ത്തലം, ബി.ആർ.സി തലം

**1. പരിശീലനങ്ങൾ**

**ജില്ലാതലം -ഡി.ആർ.ജി പരിശീലനം**

**സ്കൂൾതല ബാലശാസ്ത്ര കോൺഗ്രസ് വിഷനിംഗ്**

**എസ്.ആർ.ജി കൺവീനർമാരുടെ ഏകദിന പരിശീലനം**

- ബാലശാസ്ത്ര കോൺഗ്രസ് എന്ത് ?
- സംഘാടനം എങ്ങനെ ?
- വിഷയം എന്ത് ?
- ഗുണഭോക്താക്കൾ ആര് ?
- പഞ്ചായത്തുതല തയ്യാറെടുപ്പുകൾ

(അധ്യാപകരുടെ പരിശീലനത്തിൽ വിഷനിംഗ് നടത്താം) (യു.പി. വിഭാഗം)

2. സ്കൂൾതലത്തിൽ ജ്യോതിശാസ്ത്രം എന്ന വിഷയത്തിലൂന്നി 4 പേർ വീതമടങ്ങുന്ന ടീമുകൾ പ്രോജക്ട് ചെയ്യുന്നു. മികച്ച രീതിയിൽ പ്രോജക്ട് ചെയ്ത 2 ഗ്രൂപ്പുകളെ പഞ്ചായത്തുതലത്തിലേക്ക് തെരഞ്ഞെടുക്കണം.
3. സ്കൂൾതലത്തിൽ തയ്യാറാക്കിയ പ്രോജക്ടുകൾ മെച്ചപ്പെടുത്തി പഞ്ചായത്ത്തലത്തിൽ അവതരിപ്പിക്കുന്നു. (പങ്കെടുത്ത കുട്ടികൾക്ക് ഗ്രേഡ് നൽകി മെറിറ്റ് സർട്ടിഫിക്കറ്റ് നൽകണം)
4. ഡോക്യുമെന്റേഷൻ (സി.ഡി)
5. കുട്ടികളുടെ പ്രോജക്ട് സംഗ്രഹം പുസ്തകമാക്കൽ (ജില്ലയിലെ യു.പി. സ്കൂളിന്റെ എണ്ണം)

## 2. ലാബിനെ അറിയൽ

**ഉദ്ദേശ്യങ്ങൾ**

- 5,6,7 ക്ലാസ്സുകളിലെ യൂണിറ്റുകളുടെ അപഗ്രഥനം നടത്തി ആവശ്യമായ സാമഗ്രികൾ കണ്ടെത്തുന്നതിന്
- സ്കൂൾലാബിൽ എന്തെല്ലാം സാമഗ്രികൾ ഉണ്ടെന്നു കണ്ടെത്തുന്നതിന്, ലിസ്റ്റ് തയ്യാറാക്കുന്നതിന്
- ഇനി ആവശ്യമായവ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നതിന്.

- ശാസ്ത്രസംബന്ധമായ റഫറൻസ് ഗ്രന്ഥങ്ങൾ കണ്ടെത്തി ക്ലാസ്സിൽ ഉപയോഗിക്കുവാൻ തക്കവണ്ണം ക്രമീകരിക്കുന്നതിന്.
- കമ്പ്യൂട്ടർ പ്രവർത്തനക്ഷമത, ആവശ്യമായ സി.ഡികളുടെ ലഭ്യത (ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ട സി.ഡികൾ)
- അധ്യാപകർക്ക് പരീക്ഷണം ചെയ്യുന്നതിന് പരിശീലനം ലഭ്യമാക്കുന്നതിന്
- കുട്ടികൾ പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്

1 യൂണിറ്റ് അപഗ്രഥനം, ലിസ്റ്റ് ചെയ്യൽ, സാമഗ്രികൾ കണ്ടെത്തൽ

2 ലാബിലുള്ള സാമഗ്രികൾ കണ്ടെത്തൽ, ക്രമീകരിക്കൽ, ഇനി ആവശ്യമായവ ലിസ്റ്റ് ചെയ്യൽ

3 ശാസ്ത്ര സംബന്ധിയായ ഗ്രന്ഥങ്ങൾ കണ്ടെത്തൽ, ക്രമീകരിക്കൽ

4 ഇനി ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ ലിസ്റ്റ് ചെയ്യൽ

5. പി.ടി.എ എക്സിക്യൂട്ടീവ് മീറ്റിംഗ് - ആവശ്യങ്ങൾ ബോധ്യപ്പെടുത്തുവാൻ

6. ഫണ്ട് കണ്ടെത്തൽ - എൽ.എസ്.ജിഫണ്ട്, സ്പോൺസറിംഗ്.....

7. ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളുടെ കൈപ്പുസ്തകം നിർമ്മാണം (കുട്ടികൾക്കും അധ്യാപകർക്കും)

## 3. അധ്യാപക പരിശീലനം

**ഉദ്ദേശ്യങ്ങൾ**

1 അധ്യാപകർക്ക് ശാസ്ത്രത്തിന്റെ രീതിയനുസരിച്ച് ശാസ്ത്രബോധനം നടത്തുന്നതിനുള്ള കഴിവ് വർധിപ്പിക്കുന്നതിന്

2 പരീക്ഷണം ചെയ്യുന്നതിൽ വൈദഗ്ധ്യവും ആത്മവിശ്വാസവും നേടുന്നതിന്

3. ശാസ്ത്രബോധനത്തിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം തിരിച്ചറിയുന്നതിന്

**ജില്ലാതല ശിൽപ്പശാലകൾ**

- പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളിൽ നിന്നും പഠന പ്രശ്നങ്ങൾ കണ്ടെത്തൽ
- അനുയോജ്യമായ പഠനതന്ത്രങ്ങൾ തയ്യാറാക്കുന്നു.
- പരീക്ഷണങ്ങൾ ലിസ്റ്റു ചെയ്യുന്നു.
- പരീക്ഷണങ്ങൾ അധ്യാപകർ സംഘമായി ചെയ്യുന്നു.
- ചെലവുകുറഞ്ഞ ഉപകരണങ്ങളുടെ നിർമ്മാണം
- പി.ടി.എ ബോധവൽക്കരണ മൊഡ്യൂൾ പരിചയപ്പെടുന്നു.

**ഐ.ടി പരിശീലനം**

(ജ്യോതി ശാസ്ത്രവുമായി ബന്ധപ്പെട്ട്)

- പവർ പോയിന്റ് സി.ഡികളുടെ നിർമ്മാണം
- 2 പേരടങ്ങുന്ന സ്കൂൾ ടീമിന് പരിശീലനം
- സി.ഡി വിഷയബന്ധിതമായി പരിചയപ്പെടുന്നു.
- സി.ഡി ഉപയോഗിക്കുന്നതിനുള്ള പരിശീലനം
- ചെലവുകുറഞ്ഞ ഉപകരണങ്ങളുടെ നിർമ്മാണം
- പി.ടി.എ ബോധവൽക്കരണ മൊഡ്യൂൾ പരിചയപ്പെടുന്നു.

## 4. സഹവാസ ക്യാമ്പുകൾ

**ഉദ്ദേശ്യങ്ങൾ**

- കൂട്ടായ്മയിലൂടെ ജ്യോതിശാസ്ത്രപഠനാനുഭവങ്ങൾ ലഭ്യമാക്കുന്നതിന്
- വ്യക്തിത്വവികാസത്തിന് അവസരമുണ്ടാക്കുന്നതിന്.
- ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ ഒരുക്കുന്നതിന്
- ക്ലാസ്സ് റൂമിൽ നൽകുവാൻ കഴിയാത്ത അനുഭവങ്ങൾ ലഭ്യമാക്കുന്നതിന്

**സംഘാടനം – പഞ്ചായത്ത്തലം**

1. സംഘാടക സമിതി
2. മൊഡ്യൂൾ നിർമ്മാണം (ഡി.ആർ.ജി)
3. പരിശീലനം (അധ്യാപകർക്ക്)
4. സഹവാസക്യാമ്പ്

## 5. Pooling of Experts – വിദഗ്ധരെ കണ്ടെത്തൽ

ഉദ്ദേശ്യങ്ങൾ

- വിദഗ്ധരെ കണ്ടെത്തി അവരുടെ സേവനം പ്രയോജനപ്പെടുത്തൽ
- ശാസ്ത്രക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

**സംഘാടനം – സ്കൂൾതലം, ബി.ആർ.സിതലം**

1. സ്കൂൾതല അന്വേഷണത്തിലൂടെ വിവിധ മേഖലയിലെ (കൃഷി, ആരോഗ്യം, കല, കായികം...ജ്യോതിശാസ്ത്രം) വിദഗ്ധരെ പ്രദേശത്തുനിന്നു കണ്ടെത്തുന്നു.

ലിസ്റ്റ് എ.ഇ.ഒയ്ക്ക് / ബി.ആർ.സിക്ക് കൈമാറുന്നു.

2 പഞ്ചായത്ത് തലത്തിൽ ലിസ്റ്റ് ക്രോഡീകരിക്കുന്നു.

3. പ്രിന്റഡ് ഡോക്യുമെന്റാക്കി മാറ്റുന്നു.

4. വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി ശാസ്ത്ര ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നു.

## 6. പഠനയാത്ര

**ഉദ്ദേശ്യങ്ങൾ**

നേരിട്ടുള്ള അനുഭവങ്ങളിലൂടെ പ്രശ്ന പരിഹരണത്തിനും സാമൂഹ്യ ഇടപെടലിനുമുള്ള അവസരം ഒരുക്കുന്നതിനും പുതിയ സാഹചര്യങ്ങളിൽ പെരുമാറുന്നതെങ്ങനെയെന്നു പഠിക്കുന്നതിനും.

**സംഘാടനം – സ്കൂൾ തലം**

### ഫീൽഡ് ട്രിപ്പ്

- തെരഞ്ഞെടുക്കാവുന്ന സ്ഥലങ്ങൾ

- ഫാക്ടറികൾ
- നക്ഷത്രനിരീക്ഷണ കേന്ദ്രങ്ങൾ

- പ്ലാനറ്റേറിയം
- ശാസ്ത്രസ്ഥാപനങ്ങൾ
- പുരാവസ്തുകേന്ദ്രങ്ങൾ
- ചരിത്രസ്മാരകങ്ങൾ

അനുയോജ്യമായ സ്ഥലം മുൻകൂട്ടി കണ്ടെത്തി മുന്നൊരുക്കങ്ങളോടെ യാത്ര. റിപ്പോർട്ട് പ്രത്യേകം തയ്യാറാക്കൽ

## 7. ശാസ്ത്രമേള

കുട്ടികളുടെ ശാസ്ത്രീയമായ കണ്ടെത്തലുകൾ അവതരിപ്പിക്കുക. അവയ്ക്ക് അംഗീകാരം നേടിയെടുക്കാനുള്ള അവസരം നൽകുക.

സംഘാടനം

**എ. സ്കൂൾതലം**

- എസ്.ആർ.ജി യോഗം
- സ്കൂൾ വികസന സമിതി (PTA, MTA)
- സയൻസ് ക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമായും ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായും വന്ന പ്രോജക്ടുകൾ, ഉൽപ്പന്നങ്ങൾ, പരീക്ഷണങ്ങൾ, വിശകലനരേഖകൾ, കണ്ടെത്തലുകൾ, റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടുത്തണം (ജ്യോതിശാസ്ത്രത്തിനു പ്രധാന്യം നൽകണം)

എല്ലാ സ്കൂളിലും ഒരേ ദിവസം ശാസ്ത്രമേളകൾ സംഘടിപ്പിക്കണം

(ശാസ്ത്രമേളയുടെ സ്കോറിംഗിന് സാമൂഹ്യമൂല്യം കൂടി കണക്കിലെടുക്കണം.)

**ബി. പഞ്ചായത്ത് തലം**

പി.ഇ.സി യോഗം

- മികച്ച വ്യക്തിഗത, ഗ്രൂപ്പുതല ഉൽപന്നങ്ങൾ (5 എണ്ണം) സ്കൂളുകളിൽ നിന്ന് പഞ്ചായത്തുതല ശാസ്ത്രമേളയിലേക്ക് തെരഞ്ഞെടുക്കുക.
- സ്കൂൾ തലത്തിൽ തന്നെ മെച്ചപ്പെടുത്തുന്നു.
- പഞ്ചായത്തുതലത്തിൽ പ്രദർശിപ്പിക്കുന്നു.
- മികച്ച 5 എണ്ണം തെരഞ്ഞെടുക്കുന്നു.

## 8. ഉണർവ്വ്

**ഉദ്ദേശ്യങ്ങൾ**

- ജ്യോതിശാസ്ത്രവർഷത്തിന്റെ പ്രാധാന്യം, പ്രസക്തി തുടങ്ങിയവ ജനങ്ങളിലെത്തിക്കുന്നതിന്.
- അനുയോജ്യമായ പ്രചാരണ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ജനങ്ങളിലെത്തിക്കുന്നതിനും.
- ബി.ആർ.സി തല ടീം മോണിട്ടറിംഗിലൂടെ ശാസ്ത്രപഠനം മെച്ചപ്പെടുത്തുന്നതിന് ട്രെയിനേഴ്സിന് തത്സമയ സഹായം നൽകൽ.
- സ്കൂളിന്റെ മികവുകൾ വിനിമയം ചെയ്യുന്നതിന്.

**സംഘാടനം : ബി.ആർ.സി**

1. ജ്യോതിശാസ്ത്രവിളംബര ജാഥ
2. പോസ്റ്റർ & സ്റ്റിക്കർ തയ്യാറാക്കൽ
3. ജ്യോതിശാസ്ത്ര സി.ഡി തയ്യാറാക്കൽ

   (പവർപോയിന്റ്, ഇന്ററാക്ടീവ് വീഡിയോ സി.ഡി)
4. ടീം മോണിട്ടറിംഗ് സമീപനരേഖ തയ്യാറാക്കൽ
5. മോണിട്ടറിംഗ് ടീമുകൾ നിശ്ചയിക്കൽ
6. ടീമുകൾ സ്കൂളുകൾ സന്ദർശിച്ച് വിഭവ സഹായം നൽകൽ
7. വീഡിയോ കലാജാഥയും പാനൽ പ്രദർശനവും
8. മികവ് - സ്കൂൾ തനതുപരിപാടിയുടെ അവതരണം

   (സ്കൂൾതലം, പഞ്ചായത്ത്തലം, ബി.ആർ.സിതലം)

## 9. നിരന്തര മൂല്യനിർണയം

**ഉദ്ദേശ്യങ്ങൾ**

1. വർക്ക്ഷീറ്റ് നിർമ്മാണം
2. സ്വയം വിലയിരുത്തുവാനും രക്ഷിതാക്കൾ കുട്ടികളെ വിലയിരുത്തുവാനുമുള്ള ഫോർമാറ്റുകളുടെ വിശകലനം.

**സംഘാടനം**

അധ്യാപക പരിശീലനത്തിന്റെ ഭാഗമായി അനുയോജ്യമായ വർക്ക്ഷീറ്റുകൾ രൂപപ്പെടുന്നു.

വർക്ക്ഷീറ്റ് - പ്രിന്റിംഗ്, വിതരണം (ക്ലസ്റ്ററിനോടനുബന്ധിച്ച് വർക്ക് ഷീറ്റ് രൂപപ്പെടുത്തൽ; പ്രിന്റിംഗ് വിതരണം)

## 10. പഠനോപകരണങ്ങൾ നിർമ്മിക്കാം പുതിയ കണ്ടെത്തലുകൾ നടത്താം.

1. പുതിയ പഠനോപകരണങ്ങൾ നിർമ്മിക്കൽ.
2. പുതിയ കണ്ടെത്തലുകൾ നടത്താൻ സന്ദർഭമൊരുക്കൽ അവ വിനിമയം ചെയ്യൽ.

1. പഠനോപകരണശില്പശാല സംസ്ഥാനതലം, ജില്ലാതലം

   (BRC Trainers & Teachers)
2. പഠനോപകരണശില്പശാല (കുട്ടികൾ + ടീച്ചേഴ്സ്) പഠനകിറ്റ് രൂപീകരണം.
3. പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് കുട്ടിശാസ്ത്രജ്ഞൻമാർ സ്കൂളുകളിൽ ശില്പശാല സംഘടിപ്പിക്കൽ.

## 11. ശാസ്ത്രവർഷം 2009

### സ്കൂൾതല തനത് പ്രവർത്തനങ്ങൾ

അന്താരാഷ്ട്ര ജ്യോതിശാസ്ത്രവർഷത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങൾ. (എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതില്ല. നിശ്ചയിക്കുന്ന പ്രവർത്തനങ്ങൾ ചിട്ടയായും കൃത്യമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് വേണ്ടത്.)

- **ജ്യോതിശാസ്ത്രപാർലമെന്റ്**

  കുട്ടികൾ മുൻകൂട്ടി തയ്യാറാക്കിയ ജ്യോതിശാസ്ത്രസംബന്ധമായ ചോദ്യങ്ങൾക്ക് വിദഗ്ധർ ഉത്തരം നൽകുന്നു. (ക്ലാസ്സ് / സ്കൂൾതലത്തിൽ നടത്താം. മുതിർന്നവരുടെയും അധ്യാപകരുടെയും സംശയങ്ങൾ ഉന്നയിക്കാം.)

- **നക്ഷത്ര നിരീക്ഷണം**

  രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് നക്ഷത്രനിരീക്ഷണ ക്ലാസ്സ് (കുട്ടികളുടെ പ്രാദേശിക കൂട്ടായ്മകൾ രൂപീകരിച്ച് തുടർ നിരീക്ഷണം നടത്തുന്നതിന് നിർദ്ദേശങ്ങളും സഹായവും ഉണ്ടാവണം.)

- **ഓപ്പൺ ക്വിസ്**

  സ്കൂൾതലത്തിൽ പൊതുവേദികൾ ഉപയോഗപ്പെടുത്തി നടത്താം. ക്ലാസ് വ്യത്യാസമില്ലാതെ ഏവർക്കും പങ്കെടുക്കാം. പങ്കെടുക്കാത്തവർ കേഴ്വിക്കാരായി നിർബന്ധമായും ഉണ്ടാവണം

- **ചോദ്യപ്പെട്ടി**

  സംശയങ്ങൾ പെട്ടിയിൽ നിക്ഷേപിക്കാം. ഉത്തരങ്ങൾ കണ്ടെത്തി പൊതുബോർഡ് / അസംബ്ലിയിൽ അവതരണം.

- **ചിത്രഗാലറി**

  പ്രശസ്തരായ ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, ഫോട്ടോകൾ, ലഘുവിവരണങ്ങൾ എന്നിവ പ്രിന്റ് ചെയ്ത് സ്കൂൾ ഭിത്തിയിൽ പ്രദർശിപ്പിക്കൽ.

- **ശാസ്ത്രകലാപരിപാടികൾ**
- **ശാസ്ത്രനാടകക്കളരി**
- **ശാസ്ത്രമാസിക**

  ശാസ്ത്രവിഭവങ്ങളുമായി ക്ലാസ് തലത്തിൽ കൈയ്യെഴുത്ത് രൂപത്തിൽ. സ്കൂൾതലത്തിൽ ക്ലാസ്സ്തല മാസികകളിലെ മികച്ച രചനകൾ ഉൾപ്പെടുത്തി പ്രിന്റഡ് മാഗസിൻ തയ്യാറാക്കാം.

- **ദിനാചരണങ്ങൾ**

  വർഷത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ദിനാചരണങ്ങൾ പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച് നടത്തണം. സ്കൂൾ വാർഷിക കലണ്ടർ തയ്യാറാക്കുമ്പോൾ ശാസ്ത്രസംബന്ധമായ ദിനങ്ങൾ പരിഗണിക്കണം.

- **ക്ലാസ്സ് ലാബ്**

  ലഘുപരീക്ഷണങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ സാമഗ്രികൾ ക്ലാസ്സ് തലത്തിൽ ശേഖരിക്കൽ. ഓരോ കുട്ടിയും വകസിപ്പിക്കുന്ന ശാസ്ത്രകിറ്റ് ഇതുമായി ബന്ധിപ്പിച്ച് നടത്തണം.

- **അതിഥി ക്ലാസ്സുകൾ**

  സ്കൂൾ / ക്ലാസ് തലത്തിൽ വിഷയമേഖലകളിൽ നിപുണരായ ആളുകളുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ. അഭിമുഖവും നടത്താം.

- **സഹവാസക്യാമ്പ്**

  ശാസ്ത്രത്തിന് പ്രാധാന്യം നൽകി ശനി, ഞായർ ഉൾപ്പെടുത്തി രണ്ടോ മൂന്നോ ദിവസത്തെ സഹവാസക്യാമ്പ് ഒരുക്കൽ. നക്ഷത്രനിരീക്ഷണമുൾപ്പെടെയുള്ള കാര്യങ്ങൾ സുഗമമായി നടത്തുന്നതിന് ഇത് സഹായകമാകും.

- **കുട്ടികളുടെ പൊതുയോഗം**

  ശാസ്ത്രവിഷയങ്ങളിൽ നേടിയ അറിവുകൾ സമൂഹവുമായി പങ്കുവെയ്ക്കുന്നതിനും അവരെ ബോധ്യപ്പെടുത്തുന്നതിനും സ്കൂളിനടുത്തുള്ള പൊതുസ്ഥലത്ത് ഒരു യോഗം സംഘടിപ്പിക്കൽ. സംഘാടകരും നടത്തിപ്പുകാരും പ്രാസംഗികരും എല്ലാം കുട്ടികൾ തന്നെയാവണം.

- **പരിസ്ഥിതി സൗഹൃദ വിദ്യാലയം**

  മലിനീകരണവും പ്ലാസ്റ്റിക്കും ഒഴിവാക്കി മനോഹരമായ വിദ്യാലയമായി സ്കൂളുകൾ മാറണം. ഇതിനാവശ്യമായ രീതിയിൽ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. സ്കൂൾ സൗന്ദര്യവൽക്കരണം പ്രാവർത്തികമാക്കണം.

  - പഠനോപകരണ നിർമ്മാണ ശില്പശാല
  - ലോക്കൽ റിസോഴ്സ് മാപ്പിംഗ്
  - ശാസ്ത്ര പുസ്തക/ സി.ഡി ലൈബ്രറി
  - നാട്ടറിവുശേഖരണം
  - എഫ്.എം. റേഡിയോ സാധ്യതകൾ ആരായൽ